# 'സമകാലനോവലിന്റെ സൗന്ദര്യ രാഷ്ട്രീയം'

## പ്രബന്ധങ്ങൾ ക്ഷണിക്കുന്നു.

UGC Carelisted Journal ആയ മലയാളം റിസർച്ച് ജേണലിന്റെ (ബഞ്ചമിൻ ബെയ്‌ലി ഫൗണ്ടേഷൻ പ്രസിദ്ധീകരണം, കോട്ടയം) രണ്ട് ലക്കങ്ങൾ, സമകാല മലയാളനോവലിന്റെ കലയും പ്രത്യയശാസ്ത്രവും അപഗ്രഥിക്കുന്ന ഗവേഷണ പ്രബന്ധങ്ങൾ ഉൾപ്പെടുത്തി ഞാൻ തയ്യാറാക്കുകയാണ്. ഈ മേഖലയിൽ മുൻപും ചില ശ്രമങ്ങൾ നടത്തിയിരുന്നു.

2010ൽ സമസ്ത കേരളസാഹിത്യപരിഷത്തുമായി ചേർന്ന് കാലടി സർവ കലാശാലയിൽ നടത്തിയ വിപുലമായ സെമിനാറായിരുന്നു ആദ്യത്തേത്. ആനന്ദ് ഉൾപ്പെടെയുള്ള എഴുത്തുകാരുടെയും മുൻനിര നിരൂപകരുടെയും പ്രബന്ധാവതരണങ്ങൾ അതിലുണ്ടായിരുന്നു. 2011 ഏപ്രിൽ, മെയ് മാസങ്ങളിൽ ഭാഷാപോഷിണി അതിൽ അഞ്ച് രചനകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2013 മെയ്-ഓഗസ്റ്റ്; സെപ്റ്റംബർ-ഡിസംബർ ലക്കങ്ങളിൽ മലയാളം റിസർച്ച് ജേണൽ പ്രസിദ്ധീകരിച്ച എട്ട് ഒറ്റനോവൽപഠനങ്ങളുടേതായിരുന്നു രണ്ടാമത്തെ ശ്രമം. ആനന്ദ്, മാധവൻ, സാറാജോസഫ്, പ്രഭാകരൻ, ടി.ഡി. രാമകൃഷ്ണൻ, ഖദീജാ മുംതാസ്, അംബികാസുതൻ, രാജു കെ. വാസു എന്നിവരുടെ കൃതികൾ മുൻനിർത്തിയുള്ളവയായിരുന്നു പഠനങ്ങൾ.

2014-15 കാലത്ത് നവമലയാളി ഓൺലൈൻ പോർട്ടലിൽ ആധുനികാനന്തര മലയാളനോവലിനെക്കുറിച്ചെഴുതിയ ദീർഘമായ പഠനമായിരുന്നു അടുത്ത ശ്രമം. അത് പിന്നീട് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകമായി പ്രസിദ്ധീകരിച്ചു. 1984 മുതൽ 2014 വരെയുള്ള നോവലുകളായിരുന്നു ആ പഠനത്തിനാധാരം. മലയാളത്തിലെ നോവൽ വിപണി, നോവൽ വിവർത്തനസംസ്കാരം, ചരിത്രവും നോവലും, നോവലിന്റെ ആഖ്യാനകല എന്നീ നാല് വിഷയങ്ങളാണ് അതിലുണ്ടായിരുന്നത്.

2010ന് ശേഷമുള്ള മലയാളനോവൽ മുൻനിർത്തി റിസർച്ച് ജേണലിനു വേണ്ടി ഇപ്പോൾ ആലോചിക്കുന്ന പദ്ധതി ഒറ്റനോവലുകളെക്കുറിച്ചല്ല-ആധുനികാനന്തര നോവലിന് പൊതുവെയും ഇക്കഴിഞ്ഞ ദശകത്തിലെ നോവലിന് സവിശേഷമായും ബാധകമായ ചില ആഖ്യാന, ഭാവുകത്വ സ്വഭാവങ്ങൾ മുൻനിർത്തിയാണ്.

എം. മുകുന്ദൻ, എൻ. പ്രഭാകരൻ, ടി.ഡി. രാമകൃഷ്ണൻ, വി.ജെ. ജയിംസ്, രാജു കെ. വാസു, അംബികാ സുതൻ, പി.എഫ്. മാത്യൂസ്, ജോജോ ആന്റണി, കെ. യു. ജോണി, ജോണി മിറാൻഡ, മനോജ് കുറൂർ, ബെന്യാമിൻ, കെ.ടി. സതീശൻ, ഇ. സന്തോഷ്കുമാർ, എസ്. ഹരീഷ്, ജി.ആർ. ഇന്ദുഗോപൻ, വി. ഷിനിലാൽ, വി.എം.

ദേവദാസ്, വിനോയ്തോമസ്, പ്രവീൺ ചന്ദ്രൻ, കെ.വി. പ്രവീൺ, ജുനൈദ് അബൂബക്കർ, ജയ് എൻ.കെ, സുഭാഷ് ചന്ദ്രൻ, പ്രദീപൻ പാമ്പിരികുന്ന്, മുഹമ്മദ് റാഫി, ശിവപ്രസാദ്, കെ.എൻ. പ്രശാന്ത്, വിനോദ്കൃഷ്ണ, സാറാജോസഫ്, ഇന്ദുമേനോൻ, സംഗീതാ ശ്രീനിവാസൻ, ലിജി മാത്യു, യമ, ഷീലാടോമി, സന്ധ്യാമേരി, കെ.ആർ. മീര, നിർമ്മല, ആർ. രാജശ്രീ, ഫർസാന, മിനി പി.സി..... എന്നിങ്ങനെ ഇക്കാലയളവിൽ ശ്രദ്ധേയങ്ങളായ രചനകളവതരിപ്പിച്ച എഴുത്തുകാരെയും അവരുടെ കൃതികൾ മലയാളനോവലിൽ സൃഷ്ടിച്ച ഭാവുകത്വധാരകളെയും വിശകലനം ചെയ്യുന്ന പ്രബന്ധങ്ങളാണ് ജേണൽ പ്രസിദ്ധീകരിക്കുന്നത്. താഴെപ്പറയുന്ന വിഷയമേഖലകൾ ശ്രദ്ധിക്കുമല്ലോ.

1. ചരിത്രവിജ്ഞാനീയത്തിന്റെ ആഖ്യാനസാധ്യതകൾ.
2. ഇന്ത്യൻ/ലോകനോവൽ ഭാവനയിലേക്കുള്ള വ്യാപനം.
3. വിവർത്തനകലയുടെ വർത്തമാനം.
4. ദേശത്തിന്റെ വീണ്ടെടുപ്പുകൾ.
5. ദേശീയതയുടെ പുനർവായനകൾ.
6. ഹിംസയുടെ രാഷ്ട്രീയമാനങ്ങൾ.
7. ജാതിയും ജീവിതവും.
8. സ്ത്രീ–എഴുത്തും കലയും.
9. പാഠാന്തര/ജ്ഞാനാന്തര വ്യവഹാരങ്ങൾ.
10. സാങ്കേതികതയും സാംസ്കാരികതയും.
11. ശരീരം, കാമന, ഇന്ദ്രിയപരത.
12. സ്കിസോഫ്രീനിക് സ്വത്വനിർമ്മിതികൾ.

കുറഞ്ഞത് അഞ്ചു നോവലുകളെങ്കിലും ഉൾപ്പെടുത്തി മേല്പറഞ്ഞവയിൽ ഏതെങ്കിലുമോ ശ്രദ്ധേയമായ മറ്റൊരു വിഷയമോ കേന്ദ്രീകരിച്ച് തയ്യാറാക്കുന്ന; ഇരുപതുപുറത്തിൽ (ജേണലിന്റെ) കുറയാത്ത പ്രബന്ധങ്ങളാണ് പ്രസിദ്ധീകരിക്കുക. അക്കാദമിക/ഗവേഷണ സ്വഭാവമുള്ളവയായിരിക്കണം പ്രബന്ധങ്ങൾ എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. താല്പര്യമുള്ളവർ 2023 സെപ്തംബർ 30ന് മുൻപ് താഴെപ്പറയുന്ന ഇ.മെയിലിലോ വാട്സാപ്പ് നമ്പറിലോ തങ്ങൾ എഴുതാനാഗ്രഹിക്കുന്ന വിഷയത്തിന്റെ ഒരുപുറത്തിൽ കുറയാത്ത രൂപരേഖ അയച്ചുതരേണ്ടതാണ്. അതിന് ലഭിക്കുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രബന്ധം തയ്യാറാക്കേണ്ടതുള്ളൂ. പിയർ റിവ്യൂവിന് ശേഷമായിരിക്കും പ്രബന്ധം പ്രസിദ്ധീകരിക്കുക.

shajijacob67@gmail.com

91-9496454343